കടലിലും കായലിലും നിക്ഷേപിച്ചിട്ടുള്ള മത്സ്യങ്ങൾ

19 (*427) ശ്രീമതി കെ. ആർ. ഗൗരിയമ്മ :
ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കടലിലും കായലിലുമായി എത്ര ലക്ഷം രൂപയുടെ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ടുണ്ട് ;

(ബി) ഇതിൽ നിന്നും എത്ര ലക്ഷം രൂപയുടെ മത്സ്യസമ്പത്ത് കൂടുതലായി ലഭ്യമായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(സി) മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനുമുമ്പ് ഇത് ആരെല്ലാമാണ് പരിശോധിക്കുന്നത് ;

(ഡി) മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന കാര്യത്തിൽ അഴിമതിയും കൃത്രിമവും നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

(ഇ) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ) :

(എ) കടലിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ടില്ല. അഴിമുഖങ്ങളിലും പൊഴികളിലുമായി 46,59,600 രൂപയുടെ ചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ടുണ്ട്.

(ബി) ഏകദേശം 5 കോടിയിലധികം രൂപയുടെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, അംഗങ്ങൾ എന്നിവരുടെ സാന്നിദ്ധ്യത്തിലാണ് മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നത്.

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

മത്സ്യത്തൊഴിലാളികളുടെ കടബാദ്ധ്യതയെ സംബന്ധിച്ച പഠനം

20 (*428) ശ്രീ. പി. ജെ. ജോയി :
ശ്രീ. പി. ജെ. ഫ്രാൻസിസ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികളുടെ കടബാദ്ധ്യതയെ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നല്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ വിഭാഗത്തിൽപ്പെട്ടവരുടെ നിവാരണത്തിനായി എന്തെല്ലാം നടപടികൾ എടുക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ) :

(എ) ഉണ്ട്. മത്സ്യബന്ധനോപകരണങ്ങൾ വാങ്ങുന്നതിനും പഞ്ഞമാസങ്ങളിലെ ദൈനംദിന ചെലവുകൾക്കും, മരണം, മതപരമായ ചടങ്ങുകൾ തുടങ്ങിയവയ്ക്കും ഇടത്തട്ടുകാരുടെ കയ്യിൽനിന്നും പണം കടം വാങ്ങുവാൻ മത്സ്യത്തൊഴിലാളികൾ നിർബന്ധിതരാകുന്നുവെന്നും തൽഫലമായി അവർ ഇടത്തട്ടുകാരുടെ കടക്കെണിയിൽ അകപ്പെടുന്നുവെന്നും കടബാദ്ധ്യത നിമിത്തം മദ്ധ്യവർത്തികൾ നിശ്ചയിക്കുന്ന നിസ്സാര വിലയ്ക്ക് മത്സ്യം വിറ്റഴിക്കാൻ നിർബന്ധിതരാകുന്നുവെന്നും പഠനങ്ങളിൽനിന്നും മനസ്സിലാകുന്നു.

(ബി) 1. മത്സ്യത്തൊഴിലാളികൾക്ക് ക്യാഷ് ക്രെഡിറ്റ് സ്കീം നടപ്പിലാക്കുന്നതാണ്.

2. വനിതാ സ്വയംസഹായ സംഘങ്ങൾവഴി നിക്ഷേപ സമാഹരണം നടത്തി ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

3. പ്രവർത്തനരഹിതമായികിടക്കുന്ന വനിതാ മത്സ്യത്തൊഴിലാളി വിവിധോദ്ദേശ സേവന ബാങ്കുകൾ പുനരുജ്ജീവിപ്പിച്ച് വനിതാ സ്വയം സഹായ സംഘങ്ങളുടെ പ്രവർത്തനങ്ങളുമായി ഏകോപിപ്പിക്കുന്നതാണ്.

മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ

21 (*429) ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ പ്രവർത്തിക്കുന്നുണ്ട് ; അവ ഏതെല്ലാം ;

(ബി) മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ വിവിധ യൂണിറ്റുകൾ വഴി എത്ര ആളുകൾക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട് ;

(സി) മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ എത്ര യൂണിറ്റുകൾ ഇതുവരെ പൂട്ടപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇവ തുറന്ന് പ്രവർത്തിക്കുന്നതിന് എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ആരംഭിച്ചപ്പോൾ ഇവയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു ;

(എഫ്) ഇവ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ ;

(ജി) ഇല്ലെങ്കിൽ നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly